**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2721 | 07.12.2018 ലെ മറുപടിയ്ക്ക്.

## റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ എത്ര റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട്; പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരുടെ നിയമനരീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിൻ കീഴിൽ നിലവിൽ 9 എം.ആർ.എസ്.കളും, പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 20 എം.ആർ.എസ് കളും പ്രവർത്തിക്കുന്നുണ്ട്.<br>പ്രസ്തുത എം.ആർ.എസ് കളിലെ അദ്ധ്യാപക ജീവനക്കാരെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനദ്ധ്യാപക ജീവനക്കാരെ പട്ടികജാതി /പട്ടികവർഗ്ഗ വകുപ്പിൽ നിന്നുമാണ് നിയമിക്കുന്നത്. |
| (ബി) | പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന വികസനത്തിന് ഫണ്ട് ലഭ്യമാക്കുന്നത് ഏത് വകുപ്പാണ്; വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള സ്കൂളുകൾക്ക് പട്ടികജാതി വികസനവകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള സ്കൂളുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പുമാണ് ഫണ്ട് അനുവദിക്കുന്നത്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ ഇത്തരത്തിലുള്ള എത്ര റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട്; കട്ടേല ഡോ.അംബേദ്കർ മെമ്മോറിയൽ സ്കൂളിന് വേണ്ടി 2016 മുതൽ എന്ത് തുക ചെലവഴിച്ചു; പ്രസ്തുത സ്കൂളിനായി തിരുവനന്തപുരം നഗരസഭ ചെലവഴിച്ച തുക എത്ര; ഏതൊക്കെ | (സി) | 3 സ്കൂളുകൾ പ്രവർത്തിക്കുന്നു.<br>2016 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br>1,84,38,272/- രൂപ എം.ആർ.എസ്-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായും 87,59,829/- രൂപ ഹോസ്റ്റൽ കെട്ടിടത്തിന്റെ മെസ് ഹാൾ ആന്റ് റിനോവേഷൻ ജോലികൾക്കും ഉൾപ്പെടെ ആകെ 2,71,98,101/- രൂപ കട്ടേല എം.ആർ.എസ്-ന്റെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പദ്ധതികൾക്കായാണ് ചെലവഴിച്ചത്; ഇതിനായി മാറ്റിവച്ച തുകയിൽ ചെലവഴിക്കാത്ത തുക എത്ര; ഈ വിഷയങ്ങൾ ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | **2017 വർഷം**<br>1,49,05,436/- രൂപ എം.ആർ.എസ്- ന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ് ഉൾപ്പെടെ 12 എം.ആർ.എസ്-കൾക്ക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിന് 32,82,420/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 11 എം.ആർ.എസ്-കൾക്ക് കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് 2,13,43,113/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 16 എം.ആർ.എസ്-കൾക്ക് സ്റ്റീമർ സെറ്റ് സ്ഥാപിക്കുന്നതിന് 2,60,52,432/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 13 എം.ആർ.എസ്-കൾക്ക് സാനിട്ടറി നാപ്കിൻ സ്ഥാപിക്കുന്നതിന് 11,39,424/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 13 എം.ആർ.എസ്-കൾക്ക് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 65,99,175/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 11 എം.ആർ.എസ്-കൾക്ക് മിന്നൽ രക്ഷാചാലകം സ്ഥാപിക്കുന്നതിന് 46,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 18 എം.ആർ.എസ്-കൾക്ക് സി.സി.ടി.വി. സ്ഥാപിക്കുന്നതിന് 2,37,77,297/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 18 എം.ആർ.എസ്-കൾക്ക് വാട്ടർ ഫിൽറ്ററേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 80,96,964/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 18 എം.ആർ.എസ്-കൾക്ക് സയൻസ് കിറ്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് 44,72,280/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>• കട്ടേല എം.ആർ.എസ്. ഉൾപ്പെടെ 5 എം.ആർ.എസ്-കൾക്ക് മൾട്ടിപർപ്പസ് കോർട്ട് സ്ഥാപിക്കുന്നതിന് 3,26,58,940/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>**<u>2018 വർഷം</u>**<br><br>80,81,280/- രൂപ എം.ആർ.എസ്-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 26-11-2018 വരെ ചെലവഴിച്ചിട്ടുണ്ട്.<br>സ്കൂൾ ബിൽഡിംഗ് മുതൽ ഹോസ്റ്റൽ വരെ നടപ്പാതയും മാനേജർ ക്യാബിൻ നിർമ്മിക്കുന്നതിനും 24,99,996/- രൂപ ഉത്തരവായിട്ടുണ്ട്.<br>തിരുവനന്തപുരം നഗരസഭയിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.<br>കട്ടേല എം.ആർ.എസ്-ൽ 30-01-2017 ന് കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ നിന്നും ഫിനാൻസ് ഇൻസ്പെക്ഷൻ ആഫീസർ പരിശോധന നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**